LIBRARY ARCHIVES Kerala Legislative Assembly

വനഭൂമിയിലെ മരം മുറി

111 (417) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയഭൂമിയിലെ മരം മുറിക്കാനുള്ള റവന്യൂ വകുപ്പിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വനഭൂമിയിലെ മരങ്ങളും ധാരാളമായി മുറിച്ചു മാറ്റിയതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് എന്ത് തുടർ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ&ബി) റവന്യൂ വകുപ്പിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വനഭൂമിയിലെ മരങ്ങൾ ധാരാളമായി മുറിച്ചുമാറ്റിയതായ ആരോപണം വസ്തുതാവിരുദ്ധമാണ്.

(സി) മുറിച്ച മരങ്ങളുടെ കുറ്റി മൂടി പഞ്ചസാര വിതറി ബ്ലോവർ ഉപയോഗിച്ച് വേരടക്കം കത്തിച്ചുകളഞ്ഞുവെന്നുള്ള പരാതി ഉയർന്നിട്ടുണ്ടോ; അങ്ങനെയെങ്കിൽ ഇവ വന ഭൂമിയിൽനിന്നും മുറിച്ചതാണോ എന്ന് തെളിയിക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ;

(ഡി) എങ്കിൽ ഇതിനുത്തരവാദികളായവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരാൻ എന്തെങ്കിലും ബദൽ മാർഗ്ഗം സ്വീകരിക്കുവാൻ സാധിക്കുമോ എന്ന് വെളിപ്പെടുത്തുമോ?

(സി&ഡി) ഇത്തരത്തിൽ വനഭൂമിയിൽനിന്നും മരങ്ങൾ മുറിച്ചുമാറ്റിയതായി അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടില്ല. എന്നാൽ മച്ചാട് റെയിഞ്ചിലെ എളനാട് ഫോറസ്റ്റ് സ്റ്റേഷനിൽ പട്ടയഭൂമിയിൽ നിന്നും മുറിച്ചു മാറ്റിയ തേക്കു മരത്തിന്റെ കുറ്റികൾ കത്തിച്ച് കളഞ്ഞതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. ആയതിന് ഉത്തരവാദികളായവർക്ക് എതിരെ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി എളനാട് ഫോറസ്റ്റ് സ്റ്റേഷനിൽ 03/2021 നമ്പറായി ഒ.ആർ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്.